# ഭോപ്പാലിൻെറ ദുർവിധി

■ പി. മനോജ്

**ലോകത്തെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഭോപ്പാൽ വിഷവാതകച്ചോർച്ചയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസിൽ കോടതിവിധി ഇന്ന്**

**1984** ഡിസംബറിൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽനിന്നുണ്ടായ വിഷവാതകച്ചോർച്ച ഒരു ആകസ്മികദുരന്തമായിരുന്നില്ല. വിനാശകരമായ ഇത്തരമൊരു സാധ്യതയെപ്പറ്റി യൂണിയൻ കാർബൈഡ് കമ്പനിയുടെ മാനേജ്മെൻറിനു വേണ്ടത്ര മുന്നറിവുണ്ടായിരുന്നുവെന്നാണ് അനുമാനം. ലോകത്തെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ സംഭവം കമ്പനി അധികൃതരുടെ മനഃപൂർവമായ അലംഭാവത്തിൻെറ ഫലമായിരുന്നു.

സംഭരണ ടാങ്കിലെ കുഴൽ പൊട്ടിയതിനെത്തുടർന്ന് 'മീഥൈൽ ഐസോസയണേറ്റ്' എന്ന വിഷവാതകം വൻതോതിൽ ചോർന്നതാണ് ദുരന്തഹേതു. എന്നാൽ, ഫാക്ടറിയിൽ ഇത് ആദ്യസംഭവമായിരുന്നില്ല. അടിക്കടിയുണ്ടായ ചെറിയ അപകടങ്ങൾ വിദഗ്ധമായി മൂടിവെക്കപ്പെട്ടു. വിഷവാതകം ശ്വസിച്ച് തൊഴിലാളികൾ മരിച്ച സംഭവങ്ങളുമുണ്ട്. 1982 ഒക്ടോബർ അഞ്ചിനുണ്ടായ ചോർച്ചയെത്തുടർന്ന് നൂറുകണക്കിന് സമീപവാസികൾ ആസ്പത്രിയിലായി. സംഭവം നിയമസഭയിൽ ഒച്ചപ്പാടുണ്ടാക്കി. നഗരം വലിയൊരു ദുരന്തത്തിൻെറ വക്കിലാണെന്നു മുന്നറിയിപ്പു നൽകുന്ന പത്രറിപ്പോർട്ടുകൾ വെളിച്ചം കണ്ടു.

ഇതിൻെറയൊക്കെ പശ്ചാത്തലത്തിൽ അമേരിക്കയിലെ യൂണിയൻ കാർബൈഡ് ആസ്ഥാനത്തുനിന്ന് വിദഗ്ധസംഘത്തെ ഭോപ്പാലിലെ ഫാക്ടറിയിലേക്ക് അയച്ചു. ഫാക്ടറിയിലെ ഉപകരണങ്ങളുടെ പരിതാപകരമായ അവസ്ഥമൂലം വിഷവസ്തുക്കൾ ചോരാനുള്ള സാധ്യതയെപ്പറ്റി സംഘം വ്യക്തമായ താക്കീത് നൽകി.

സംഘത്തെ നിയോഗിച്ച കമ്പനി പക്ഷേ, താക്കീത് ചെവിക്കൊള്ളാൻ തയ്യാറായില്ല. ഭോപ്പാൽ പ്ലാൻറിൻെറ പ്രവർത്തനച്ചെലവ് ഗണ്യമായി വെട്ടിക്കുറയ്ക്കാനുള്ള തീവ്രയത്ന പരിപാടിയിലായിരുന്നു മാനേജ്മെൻറ് അന്ന്. കമ്പനി മേധാവി വാറൻ ആൻഡേഴ്സൻെറ നിർദേശപ്രകാരമായിരുന്നു ഇത്.

ചെലവു ചുരുക്കൽ പരിപാടിയുടെ ഭാഗമായി ഫാക്ടറിയിലെ സുരക്ഷാസംവിധാനങ്ങൾ പ്രവർത്തിപ്പിക്കാതിരുന്നതാണ് വൻദുരന്തത്തിനു കാരണമായതെന്ന് പിൽക്കാലത്ത് വെളിപ്പെടുകയുണ്ടായി. വിഷവാതകച്ചോർച്ച തടയാനായി രൂപകല്പന ചെയ്ത ആറു സുരക്ഷാസംവിധാനങ്ങളിൽ ഒന്നുപോലും ദുരന്തസമയത്ത് പ്രവർത്തിപ്പിച്ചിരുന്നില്ല. കൺട്രോൾ റൂം അടക്കമുള്ള വിഭാഗങ്ങളിൽ ജീവനക്കാരെ വെട്ടിക്കുറച്ചതും പ്രശ്നമായി.



വാറൻ ആൻഡേഴ്സൻ



കാർബൈഡ് ഫാക്ടറി

യൂണിയൻ കാർബൈഡ് അധികൃതരുടെ കുറ്റകരമായ അലംഭാവമാണ് ദുരന്തത്തിൻെറ മൂലകാരണമെന്നതിന് ഇതിൽപ്പരം വിശദീകരണം ആവശ്യമില്ല. ആത്യന്തികമായ ഉത്തരവാദിത്വം കമ്പനി മേധാവി വാറൻ ആൻഡേഴ്സനുതന്നെയാണെന്ന് വ്യാപകമായി അംഗീകരിക്കപ്പെട്ടു. ഇന്ത്യക്കാരെ സംബന്ധിച്ച് അയാൾ വെറുക്കപ്പെട്ട വ്യക്തിയായി.

ആൻഡേഴ്സനെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുത്തു. ദുരന്തം നടന്നുകഴിഞ്ഞ് ദിവസങ്ങൾക്കകം ആൻഡേഴ്സൻ ഭോപ്പാലിൽ അറസ്റ്റിലായി. പിന്നീട് ജാമ്യത്തിലിറങ്ങി രാജ്യം വിട്ട അയാളെ ഇന്ത്യൻ കുറ്റാന്വേഷകർക്ക് ഇതുവരെയും കിട്ടിയിട്ടില്ല. അറസ്റ്റ് വാറൻറുകൾക്ക് ഫലപ്രാപ്തിയില്ലെന്നു കണ്ടപ്പോൾ കോടതി ആൻഡേഴ്സനെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു.

ചെലവുകൾ ചുരുക്കി കമ്പനിയെ രക്ഷിക്കാനുള്ള ആൻഡേഴ്സൻെറ മാനേജ്മെൻറ് തന്ത്രം ഭോപ്പാൽ ജനതയ്ക്കു നൽകിയത് ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത വൻദുരന്തമാണ്. എണ്ണായിരത്തിലേറെ പേരാണ് മൂന്നു ദിവസംകൊണ്ട് വിഷവാതകം ശ്വസിച്ചുമരിച്ചത്. ദുരന്തത്തിൻെറ പ്രത്യാഘാതമായി ഏഴായിരത്തോളം പേർ കൂടി പിന്നീട് തുടരെയായി മരിച്ചിട്ടുണ്ട്. ലക്ഷക്കണക്കിനു പേർ മാറാവ്യാധികൾക്കും ശാരീരിക, മാനസിക, ബുദ്ധിവൈകല്യങ്ങൾക്കും അടിപ്പെട്ടു. രോഗങ്ങളും വൈകല്യങ്ങളും വരുംതലമുറകളിലേക്കും സംക്രമിക്കപ്പെടുന്നു.

ഈ തീരാദുരിതത്തിലായവർക്ക് മതിയായ നഷ്ടപരിഹാരം പോലും ലഭിച്ചിട്ടില്ല. 1989-ൽ ഇന്ത്യൻ സർക്കാറുമായുണ്ടാക്കിയ ഒത്തുതീർപ്പിലൂടെ യൂണിയൻ കാർബൈഡ് ഇക്കാര്യത്തിൽ വിദഗ്ധമായി തടിയൂരി. തുച്ഛമായ 47 കോടി ഡോളർ നഷ്ടപരിഹാരമായി നൽകിയാണ് കമ്പനി കരാറുണ്ടാക്കിയത്. ദുരന്തത്തിന് ഇരയായവർക്ക് കഷ്ടിച്ച് ആയിരം ഡോളർ (ഇപ്പോഴത്തെ മൂല്യമനുസരിച്ച് ഏതാണ്ട് 44000 രൂപ) വീതമാണ് നഷ്ടപരിഹാരം കിട്ടിയത്. ദുരന്തബാധിതരുമായി കൂടിയാലോചിക്കാതെയാണ് സർക്കാർ കരാറുണ്ടാക്കിയത് എന്നത് മറ്റൊരു യാഥാർഥ്യം. ഇന്ത്യ തുടക്കത്തിൽ ആവശ്യപ്പെട്ട നഷ്ടപരിഹാരത്തുകയുടെ പത്തിലൊന്നു മാത്രമാണ് കിട്ടിയത്.

അതുകൊണ്ടു തീർന്നില്ല. നഷ്ടപരിഹാരം നൽകിയതിൻെറ അടിസ്ഥാനത്തിൽ കമ്പനിയെ ദുരന്തത്തിൻെറ സിവിൽ, ക്രിമിനൽ ബാധ്യതകളിൽനിന്ന് ഒഴിവാക്കാനുള്ള വ്യവസ്ഥയ്ക്കും ഇന്ത്യൻ ഭരണകൂടം സമ്മതംമൂളി. എന്നാൽ, ഇതിനെതിരെ ദുരന്തബാധിതർ സുപ്രീംകോടതിയെ സമീപിച്ചു. കോടതി 1991-ൽ ക്രിമിനൽ നടപടികൾ പുനരുജ്ജീവിപ്പിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ മുന്നോട്ടുനീങ്ങിയ ക്രിമിനൽ കേസിലാണ് ഭോപ്പാൽ കോടതി തിങ്കളാഴ്ച വിധി പറയുന്നത്. സിവിൽ ബാധ്യതകളിൽനിന്ന് യൂണിയൻ കാർബൈഡിനെ മുക്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥ സുപ്രീംകോടതി ശരിവെക്കുകയാണ് ചെയ്തത്.

ഭോപ്പാലിലെ കമ്പനിവളപ്പിൽ കെട്ടിക്കിടക്കുന്ന ടൺകണക്കിനു രാസമാലിന്യങ്ങൾ ഇപ്പോൾ പ്രദേശവാസികൾക്ക് ആരോഗ്യഭീഷണിയുയർത്തുന്നുണ്ട്. യൂണിയൻ കാർബൈഡിനെ പിൽക്കാലത്ത് ഏറ്റെടുത്ത ഡൗ കെമിക്കൽസിനോട് ഈ മാലിന്യങ്ങൾ നീക്കംചെയ്യാൻ പരിസരവാസികളും സന്നദ്ധസംഘടനകളും ആവശ്യപ്പെടുന്നുണ്ടെങ്കിലും കമ്പനി കൈമലർത്തുകയാണ്. 1989-ലെ കരാറനുസരിച്ച് എല്ലാ സിവിൽ ബാധ്യതകളിൽനിന്നും തങ്ങൾ മുക്തരാണ് എന്ന നിയമവശമാണ് ഡൗ കെമിക്കൽസ് ചൂണ്ടിക്കാട്ടുന്നത്. ദുരന്തമുണ്ടായ ഫാക്ടറി ഇപ്പോൾ മധ്യപ്രദേശ് സർക്കാറിൻെറ കൈവശമാണ്. ഖരമാലിന്യ ഭീഷണി ഗൗരവമായെടുക്കാൻ സർക്കാറും വിസമ്മതിക്കുന്നു. ●

## പരമാവധി ശിക്ഷ രണ്ടുകൊല്ലം തടവ്?

**കാൽ**നൂറ്റാണ്ടിലേറെ പഴക്കമുള്ള വിഷവാതകദുരന്തക്കേസിൽ ഭോപ്പാലിലെ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി തിങ്കളാഴ്ച വിധി പറയാനിരിക്കെ, രണ്ടു കാര്യങ്ങൾ അറിഞ്ഞിരിക്കണം. പ്രധാനപ്രതികളായ യൂണിയൻ കാർബൈഡ് മുൻമേധാവി വാറൻ ആൻഡേഴ്സനോ യൂണിയൻ കാർബൈഡ് കമ്പനിയോ (ഇപ്പോൾ ഡൗ കെമിക്കൽസ്) ഈ വിധിയുടെ പരിധിയിൽ വരില്ല എന്നതാണ് ഒന്ന്. കോടതിയിൽ തുടർച്ചയായി ഹാജരാവാത്തതിനാൽ ഈ കക്ഷികളെ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചതാണ് കാരണം. കേസിലെ ഇന്ത്യക്കാരായ പ്രതികൾക്കു മാത്രമാണ് വിധി ബാധകമാവുക. രണ്ടുവർഷത്തെ തടവുശിക്ഷയാണ് ഇവർക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ എന്നതാണ് രണ്ടാമത്തെ കാര്യം.

ദുരന്തം നടക്കുന്ന സമയത്ത് യൂണിയൻ കാർബൈഡ് ഇന്ത്യാ ലിമിറ്റഡിൻെറ ചെയർമാനായിരുന്ന കേശവ് മഹീന്ദ്രയാണ് നിലവിലുള്ള പ്രതികളിൽ പ്രധാനി. ഇപ്പോൾ മഹീന്ദ്ര ആൻഡ് മഹീന്ദ്ര കമ്പനിയുടെ ചെയർമാനാണ് ഇദ്ദേഹം. യൂണിയൻ കാർബൈഡ് ഇന്ത്യാ ലിമിറ്റഡ് എം.ഡി.യായിരുന്ന വിജയ് ഗോഖലെ, വൈസ് പ്രസിഡൻറായിരുന്ന കിഷോർ കാംധർ എന്നിവരും ഭോപ്പാൽ പ്ലാൻറിലെ ഏതാനും ജീവനക്കാരും പ്രതിസ്ഥാനത്തുണ്ട്.

സംസ്ഥാന പോലീസിൽനിന്ന് കേസേറ്റെടുത്ത് അന്വേഷിച്ച സി.ബി.ഐ. പ്രതികൾക്കെതിരെ ശിക്ഷാർഹമായ നരഹത്യ എന്ന കുറ്റമാണ് ചുമത്തിയിരുന്നത്. എന്നാൽ ഈ കുറ്റപത്രത്തിനെതിരെ പ്രതികൾ മധ്യപ്രദേശ് ഹൈക്കോതിയെ സമീപിച്ചു. ഹൈക്കോടതി കുറ്റപത്രം ശരിവെച്ചപ്പോൾ സുപ്രീംകോടതിയിൽ ഹർജി നൽകി. സുപ്രീംകോടതി കുറ്റാരോപണം ലഘൂകരിച്ചു. അശ്രദ്ധമൂലം മരണങ്ങൾ സംഭവിച്ചു എന്നാക്കി. ഇതിനു ലഭിക്കാവുന്ന പരമാവധി ശിക്ഷ രണ്ടു വർഷത്തെ തടവാണ്. പ്രതികൂലവിധിയുണ്ടായാൽ പ്രതികൾക്ക് മേൽക്കോടതികളിൽ പോവുകയുമാവാം. ആദ്യം ചുമത്തിയ വകുപ്പനുസരിച്ചാണെങ്കിൽ പരമാവധി ശിക്ഷ പത്തുവർഷത്തെ തടവാണ്.

ഇക്കാരണത്താൽത്തന്നെ ദുരന്തബാധിതർ കോടതിവിധിയെപ്പറ്റി വലിയ ആവേശമൊന്നും പ്രകടിപ്പിക്കുന്നില്ല. ഒരു ജനതയെ തീരാദുരിതത്തിലാക്കിയവർക്ക് ഇത്ര ലഘുവായ ശിക്ഷ മതിയോ എന്നാണ് അവർ ചോദിക്കുന്നത്. എങ്കിലും ഭോപ്പാൽ ദുരന്തവുമായി ബന്ധപ്പെട്ട ആദ്യത്തെ കോടതിവിധി എന്ന ചരിത്രപരമായ പ്രാധാന്യം ഇതിനുണ്ട്.